LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത മേഖലയിലെ തൊഴിലവസരങ്ങൾ

193 (578) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ബഡ്ജറ്റിൽ നീക്കിവച്ച തുക പൂർണ്ണമായും ഈ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത വ്യവസായത്തിന് ഈ തുക ഉപയോഗിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിച്ച രീതിയിൽ തുക വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം ഈ മേഖലയിലെ നിലവിലുള്ളവ സംരക്ഷിക്കുന്നതിനും പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ബഡ്ജറ്റിൽ നീക്കിവെച്ച തുക പൂർണ്ണമായും ഈ ആവശ്യങ്ങൾക്കുമാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

(ബി) ഉണ്ട്.

(സി) ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപവും തൊഴിൽ അവസരങ്ങളും ഇതുമൂലം സംജാതമായിട്ടുണ്ട്.

ഗ്യാരന്റി കമ്മിഷൻ - കടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ

194 (579) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്ഥാപനങ്ങളുടെ ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കടിശ്ശിക തുക എത്രയാണെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഗ്യാരന്റി കമ്മിഷൻഇനത്തിൽ 31-12-2015 വരെ പിരിഞ്ഞുകിട്ടാനുള്ള തുക 239,145,530 രൂപ (ഇരുപത്തിമൂന്നു കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്)യാണ്.

(ബി) കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക തുക എത്രയാണെന്നുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

ടെക്നോളജി ക്ലിനിക്ക്

195 (580) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ടെക്നോളജി ക്ലിനിക്ക് പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിക്കായി എത്ര തുക ,ഏതെല്ലാം വിധത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ടെക്നോളജി ക്ലിനിക്ക് ചെറുകിട വ്യവസായങ്ങളെ ശാക്തീകരിക്കുന്നതിന് എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, ഭക്ഷ്യ സുരക്ഷാ നിയമം, പാക്കേജിംഗ്, കിഴങ്ങുവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മെഷിനറി കാറ്റലോഗ് ഷോ, റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, പാരമ്പര്യേതര ഊർജ്ജ വ്യവസായങ്ങൾ, പാൽ ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ, ബാർ കോഡിംഗ്, ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ക്വാളിറ്റി സ്റ്റാൻഡേർഡ്സ് എന്നീ മേഖലകളിലെ നൂതന ആശയങ്ങൾ സംരംഭകർക്ക് വിശദമാക്കുന്നതിനും അതുവഴി പുതിയ സംരംഭകരെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് വേണ്ട കൈത്താങ്ങ് നൽകുന്നതിനും വേണ്ടിയാണ് ടെക്നോളജി ക്ലിനിക്ക് സംഘടിപ്പിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.